ശ്രീ. ജോസഫ് മാത്തൻ: അങ്ങനെ എസ്റ്റിമേറ്റ് അയച്ചിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അയച്ചിട്ടുണ്ട്. ഇതുവരെ സാംഗ്ഷൻ ചെയ്തു വന്നിട്ടില്ല.

ശ്രീ. എം. ഗോവിന്ദൻ: എത്ര നാഷണൽ ഹൈവെയാണ് ഉള്ളത്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: മൂകെ റ്റവ മൈൽ.

ശ്രീ. എം. ഗോവിന്ദൻ: അതല്ലാ ഞാൻ ചോദിച്ചത്. ബോംബെ മുതൽ കന്യാകുമാരിവരെ ഒരു ഹൈവെ ഉണ്ട്; മദ്രാസ് മുതൽ കന്യാകുമാരിവരെ ഒരു ഹൈവേ ഉണ്ട്. അങ്ങനെ എത്ര എണ്ണമുണ്ട്?

**Sri. G. Chandrasekhara Pillai:** There are three National Highways running through this State.

No. 1. Part of the National Highway—Cochin to Madras Boundary.

No. 2. Part of National Highway—From Cape Comorin to Madras Boundary in the direction of Palayamcottai.

No. 3. West coast road—This has not been formerly included in the National Highway system but still, works on this road are being financed by the Government of India. On the whole, there are 282 miles of National Highway in this State.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: പോസ്റ്റവാർ റീ കൺസ്ട്രക്ഷൻ സ്കീമിൽ ഈ കോസ്റ്റൽറോഡ് സർവ്വെ ചെയ്തു കഴിഞ്ഞിരിക്കുകയാണ്. അത് നാഷണൽ ഹൈവെയിൽ ഉൾപ്പെട്ടതാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അത് സെൻട്രൽ ഗവൺമെൻറാണ് ചെയ്യേണ്ടത്.

## പള്ളത്തി ആറ്റുപാത്രി

*നമ്പർ. (6) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ —

(എ) പള്ളത്തി മഹാരാജാസ് ആറ്റുപാത്രിയോടനുബന്ധിച്ച് എത്രാനം കെട്ടിടങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നതായിട്ടറിയാമോ;

(ബി) ആ കെട്ടിടങ്ങളുടെ സംരക്ഷണത്തിനുംമറ്റുമായി പ്രതിവർഷം എത്ര ചെലവുവരും;

(സി) ഈ കെട്ടിടങ്ങൾ പേവാർഡുകൾക്കായി ഉപയോഗിക്കണമെന്ന് നിയമസഭാചോദ്യങ്ങൾവഴിയും ആവശ്യപ്പെട്ടിട്ടുള്ളതായി അറിയാമോ;

(ഡി) അതിൽ എന്ത് നടപടിയെടുത്തു?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) അറിയാം.

(ബി) ഒന്നും ഉള്ളതായി അറിവില്ല.

(സി) അറിയാം.

(ഡി) ഒരു പേവാർഡ് തുടങ്ങുവാൻ വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അടുത്തുതന്നെ ഒരു പേവാർഡ് ഉണ്ടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ശ്രീ. സി. കേശവൻ: നടപടി എടുത്തു കഴിഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly